ലേഖനം ●
ഇ.സി സൈമൺ മാസ്റ്റർ

# വിശുദ്ധയാക്കൽ പ്രഖ്യാപനം

# ബൈബിൾ എന്തു പറയുന്നു?

മരിച്ചു മണ്ണടിഞ്ഞ ഒരു സാധു സ്ത്രീക്ക് അനേകായിരങ്ങളുടെ പ്രാർഥനക്ക് ഉത്തരം നൽകാൻ എങ്ങനെ കഴിയും? ജീവിതകാലത്ത് ആത്മരക്ഷക്കായി ദൈവത്തോട് പ്രാർഥിച്ചിരുന്ന, അവരിപ്പോൾ ജനലക്ഷങ്ങളുടെ പ്രാർഥനാ കേന്ദ്രമായി മാറിയിരിക്കുന്നു. അവരുടെ പടങ്ങളും പ്രതിമകളും പള്ളികൾതോറും നിറഞ്ഞുകൊണ്ടിരിക്കുന്നു. ദൈവത്തോട് പ്രാർഥിക്കേണ്ട മനുഷ്യൻ, പുണ്യവാന്മാരെയും പുണ്യവതികളെയും ആരാധിച്ച് വിഗ്രഹാരാധകരായി മാറുന്നു.

**ലോകമെമ്പാടുമുള്ള** കത്തോലിക്കാ മതവിശ്വാസികൾക്ക്, വിശിഷ്യാ കേരള കത്തോലിക്കാ വിശ്വാസികൾക്ക് സന്തോഷത്തിന്റെയും സംതൃപ്തിയുടെയും ഒരു ദിനമായിരുന്നു ഒക്ടോബർ 12 ഞായർ. അവരുടെ പ്രിയപ്പെട്ട സിസ്റ്റർ അൽഫോൺസാമ്മയെ കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ മാർപ്പാപ്പ ബനഡിക്ട് പതിനാറാമൻ വിശുദ്ധയായി പ്രഖ്യാപിച്ചത് അന്നാണ്. അതിനു മുമ്പ് ആ കന്യാസ്ത്രീ അറിയപ്പെട്ടിരുന്നത് ദൈവദാസി എന്നും വാഴ്ത്തപ്പെട്ടവൾ എന്നും ആയിരുന്നു. ക്രൈസ്തവ വിശ്വാസമനുസരിച്ച് സ്വർഗത്തിൽ ദൈവസന്നിധിയിൽ ഒരു മനുഷ്യജീവിക്ക് ചെന്നെത്താവുന്ന ഏറ്റവും ഉന്നതവും മഹനീയവുമാണ് വിശുദ്ധ പദവി.

മാർപ്പാപ്പയുടെ പ്രഖ്യാപനത്തോടെ ആ വ്യക്തിയുടെ പേരിനു മുമ്പിൽ സെന്റ് (saint) എന്നു ചേർക്കപ്പെടുന്നു. അങ്ങനെ അന്നു മുതൽ സിസ്റ്റർ അൽഫോൺസ സെന്റ് അൽഫോൺസയായി. സെന്റ് എന്നത് St. എന്ന് ചുരുക്കിയെഴുതാം. അങ്ങനെയുണ്ടാകുന്നതാണ് സെന്റ് മേരി, സെന്റ് ജോസഫ്, സെന്റ് തോമസ്, സെന്റ് ആന്റണി എന്നീ പേരുകൾ.

നാളിതുവരെയായി ലോകത്താകമാനം അസംഖ്യം പുണ്യവാന്മാരെയും പുണ്യവതികളെയും മാർപ്പാപ്പമാർ പ്രഖ്യാപിച്ചിട്ടുണ്ട്. വെള്ളക്കാരായ യൂറോപ്യന്മാരാണ് അവരിൽ അധികവും. ചില രാജ്യങ്ങൾ അവരുടെ വിശുദ്ധന്മാരിൽനിന്ന് കൂടുതൽ ഇഷ്ടപ്പെട്ട ചിലരെ ദേശീയ വിശുദ്ധന്മാരായി (National Saint) സ്വീകരിച്ചിരിക്കുന്നു. തങ്ങളുടെ രാജ്യത്തെ ആ വിശുദ്ധന്മാർ ആപത്തുകളിൽനിന്ന് സംരക്ഷിച്ചുകൊള്ളുമെന്നാണ് വിശ്വാസം. ഇംഗ്ലണ്ടിന്റെ ദേശീയ വിശുദ്ധനാണ് സെന്റ് ജോർജ്. അവരുടെ നാണയമായ പവന്റെ പുറത്ത് കുന്തം പിടിച്ച ഒരാൾ കുതിരപ്പുറത്ത് ഇരിക്കുന്നത് കാണാം. കുതിരപ്പവൻ എന്നു പറയുന്ന ആ സ്വർണ നാണയത്തിൽ കാണുന്ന ആളാണ് സെന്റ് ജോർജ്.

ഇന്ത്യയിൽനിന്നുള്ള ആദ്യ പുണ്യവതിയാണ് അൽഫോൺസ. അടുത്തതായി മദർ തെരേസക്കാണ് സാധ്യത. ജനമനസ്സുകളിൽ സ്നേഹംകൊണ്ട് സ്ഥാനം നേടിയവരാണ് രണ്ടു പേരും. കൊല്ലങ്ങൾക്കു മുമ്പേ തന്നെ ജനം അൽഫോൺസയെ വിശുദ്ധയായി സ്വീകരിക്കുകയും ഔദ്യോഗിക അംഗീകാരത്തിനായി കാത്തിരിക്കുകയും ആയിരുന്നു. വിശ്വാസികൾക്ക് അവരോടുള്ള ആരാധനാ മനോഭാവം പ്രകടമാ

ക്കുന്നതാണ് അവരുടെ ഭൗതികശരീരം അടക്കം ചെയ്തിട്ടുള്ള ഭരണങ്ങാനത്തെ പള്ളിയിലേക്കുള്ള തീർഥാടക പ്രവാഹം. നിസ്വാർഥ സ്നേഹത്തിന്റെയും വിനയത്തിന്റെയും പ്രതീകമായിരുന്നു അവരെന്ന കാര്യത്തിൽ ആർക്കുമില്ല ഭിന്നാഭിപ്രായം. ദുഃഖിതരെ ആശ്വസിപ്പിക്കുന്നതിനു വേണ്ടി ആ കന്യാസ്ത്രീ കാണിച്ചിരുന്ന സേവനസന്നദ്ധത പലരെയും അത്ഭുതപ്പെടുത്തി.

പ്രഖ്യാപനത്തിനു മുമ്പുതന്നെ ജനം അവരോട് പ്രാർഥിക്കുകയും സാധിച്ചു കിട്ടിയ രോഗശാന്തിക്കും മറ്റ് ഉദ്ദിഷ്ട കാര്യസിദ്ധികൾക്കും പത്രങ്ങളിൽകൂടി നന്ദിരേഖപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ അന്ന് അതിന് മതപരമായി പൂർണമായ നിയമസാധുത ഉണ്ടായിരുന്നില്ല. ഔദ്യോഗിക പ്രഖ്യാപനം വന്നതോടെ ഇനിമേൽ ആർക്കും അവരോട് പ്രാർഥിക്കാം. സ്വർഗത്തിൽ ദൈവസന്നിധിയിലെ സംപൂജ്യരായ അമാനുഷിക ഗണത്തിൽ ഒരാളായി അവരും എത്തിപ്പെട്ടിരിക്കുന്നു എന്നാണ് പ്രഖ്യാപനത്തിന്റെ സാരം.

ഭൂമിയിലെ ആരാധകവൃന്ദങ്ങളുടെ പ്രാർഥനകൾ തക്കതായ ശിപാർശകളോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന ഇടനിലക്കാരി അഥവാ മധ്യസ്ഥയാണ് ഇനിമേൽ വിശുദ്ധ അൽഫോൺസാമ്മ. പരമോന്നതനായ ദൈവത്തോട് നേരിട്ട് പ്രാർഥിക്കാതെ വിനീതയായ ഈ വിശുദ്ധയോട് പ്രാർഥിച്ചാൽ കാര്യം എളുപ്പമാകും എന്നാണ് വിശ്വാസം. അതിനാൽ ജനം ഇങ്ങനെ പ്രാർഥിക്കുന്നു: “വിശുദ്ധ അൽഫോൺസാമ്മേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ!”

ഞങ്ങളുടെ കാര്യം ദൈവത്തോട് പറഞ്ഞ് സാധിച്ചുതരണമേ എന്നാണ് സൂചന. അതുകൊണ്ട് പറയുന്നു: “ഞങ്ങളുടെ അപേക്ഷ കേട്ടരുളണമേ!” എന്നാൽ മരിച്ചു മണ്ണടിഞ്ഞ ഒരു സാധു സ്ത്രീക്ക് അനേകായിരങ്ങളുടെ പ്രാർഥനക്ക് ഉത്തരം നൽകാൻ എങ്ങനെ കഴിയുമെന്ന് ചിന്തിക്കാറില്ല. ഭൂമിയിലെ ജീവിതകാലത്ത് ആത്മരക്ഷക്കായി ദിനരാത്രങ്ങൾ പ്രാർഥനയിൽ മുഴുകിയിരുന്ന അവരിപ്പോൾ ജനലക്ഷങ്ങളുടെ പ്രാർഥനാ കേന്ദ്രമായി മാറിയിരിക്കുന്നു. അവരുടെ പടങ്ങളും പ്രതിമകളും പള്ളികൾതോറും നിറഞ്ഞുകൊണ്ടിരിക്കുന്നു. അവക്കു മുമ്പിൽ തലകുനിച്ച് വിളക്ക് വെച്ചും മുട്ടുകുത്തിയും പ്രാർഥിക്കുന്നു, ചുംബിക്കുന്നു. ദൈവത്തോട് പ്രാർഥിക്കേണ്ട മനുഷ്യൻ ദൈവത്തിൽ നിന്ന് വിട്ടകന്ന് പുണ്യവാന്മാരെയും പുണ്യവതികളെയും പിൻപറ്റി വിഗ്രഹാരാധന ദൈവാരാധനയായി തരംതാഴ്ത്തുകയാണ്. മാർപ്പാപ്പമാരുടെ വിശുദ്ധീകരണ പ്രഖ്യാപനങ്ങളുണ്ടാക്കുന്ന ദുഷ്ഫലങ്ങളാണവ.

**മനുഷ്യരെ ദൈവവിശ്വാസത്തിൽനിന്ന് അകറ്റിനിർത്തി പുണ്യവാന്മാരിലേക്കും പുണ്യവതികളിലേക്കും അടുപ്പിക്കുന്ന ഈ സമ്പ്രദായത്തിന് മതപരമായി എന്തുണ്ട് ന്യായീകരണം? വേദഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലും അംഗീകാരത്തിലും ഉള്ളതാണോ ഈ പ്രഖ്യാപനങ്ങൾ? സ്വർഗത്തിൽ ദൈവസാമീപ്യം ആർക്കെങ്കിലും അനുവദിച്ചുകൊടുക്കാൻ ആരാണ് മാർപാപ്പമാർക്ക് അധികാരം കൊടുത്തത്? വേദഗ്രന്ഥങ്ങൾ പരിശോധിച്ചാൽ അങ്ങനെ ഒരധികാരം ദൈവം ആർക്കും കൊടുത്തിട്ടില്ലെന്നു മാത്രമല്ല അവ ദൈവകൽപനകൾക്കും ദൈവപ്രമാണങ്ങൾക്കും നിരക്കാത്തതാണ് എന്നും മനസ്സിലാക്കാം.**

മനുഷ്യരെ ദൈവവിശ്വാസത്തിൽ നിന്ന് അകറ്റിനിർത്തി പുണ്യവാന്മാരിലേക്കും പുണ്യവതികളിലേക്കും അടുപ്പിക്കുന്ന ഈ സമ്പ്രദായത്തിന് മതപരമായി എന്തുണ്ട് ന്യായീകരണം? വേദഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലും അംഗീകാരത്തിലും ഉള്ളതാണോ ഈ പ്രഖ്യാപനങ്ങൾ? സ്വർഗത്തിൽ ദൈവസാമീപ്യം ആർക്കെങ്കിലും അനുവദിച്ചുകൊടുക്കാൻ ആരാണ് മാർപ്പാപ്പമാർക്ക് അധികാരം കൊടുത്തത്? വേദഗ്രന്ഥങ്ങൾ പരിശോധിച്ചാൽ അങ്ങനെ ഒരധികാരം ദൈവം ആർക്കും കൊടുത്തിട്ടില്ലെന്നു മാത്രമല്ല അവ ദൈവകൽപനകൾക്കും ദൈവപ്രമാണങ്ങൾക്കും നിരക്കാത്തതാണ് എന്നും മനസ്സിലാക്കാം.

ആരാധനക്കും പ്രാർഥനക്കും അർഹനായി ദൈവം മാത്രമേ ഉള്ളൂ എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. അതിൽ ഇങ്ങനെ പറയുന്നു: “നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്. നിന്റെ ദൈവമായ കർത്താവ് ഞാനാണ്. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ ശക്തിയോടും കൂടി സ്നേഹിക്കണം.

മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലോ ജലത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ നീ നിർമിക്കരുത്. അവക്ക് മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്”.

മനുഷ്യർ ചെയ്യുന്ന എല്ലാ പാപങ്ങളും ദൈവം പൊറുത്തേക്കും. എന്നാൽ തനിക്കു തുല്യനായോ പങ്കാളിയായോ മറ്റൊരാളെ സങ്കൽപിക്കുക എന്ന മഹാപരാധം മാത്രം ദൈവം ഒരിക്കലും പൊറുക്കുകയില്ലെന്നാണ് പരിശുദ്ധ ഖുർആൻ ഉറപ്പിച്ചും തറപ്പിച്ചും പറയുന്നത്. ദൈവസന്നിധിയിൽ ശിപാർശ പറയുന്നതിന് അർഹതയുള്ള ആരെങ്കിലും ഉള്ളതായി ഖുർആൻ അംഗീകരിക്കുന്നില്ല. ഏകദൈവവിശ്വാസത്തിനും ദൈവത്തിനു പങ്കാളികളില്ലെന്നതിനും വിരുദ്ധമാകയാൽ യേശുവിനെ ദൈവതുല്യനാക്കുന്ന ത്രിത്വത്തിന്റെ സിദ്ധാന്തങ്ങളെ ഇസ്‌ലാം എതിർക്കുന്നു.

സ്വന്തം മതകൽപനകൾക്കും പ്രമാണങ്ങൾക്കും ഫലത്തിൽ എതിരായിത്തീരുംവിധം പരിധി ലംഘിച്ചുകൊണ്ടാണ് മാർപ്പാപ്പമാർ പുതിയ പുതിയ വിശുദ്ധരെ നാമകരണം ചെയ്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ അവർക്കോ അനുയായികൾക്കോ അത് തിരിച്ചറിയാൻ കഴിയാത്തതാണ് ദയനീയം. എന്തോ വലിയ സദ്കർമം ചെയ്തുതീർത്തെന്ന സംതൃപ്തിയിൽ മതാധ്യക്ഷരും ഒരു മഹാകാര്യം സാധിച്ചുകിട്ടി എന്ന മിഥ്യാധാരണയിൽ ശുദ്ധാത്മാക്കളായ സാധാരണക്കാരും യാതൊരാശങ്കയുമില്ലാതെ സുഖനിദ്രയിലാണ്; എന്നെങ്കിലും ഉണരുവോളം. അല്ലെങ്കിൽ ആരെങ്കിലും ഉണർത്തുവോളം. ■